Class No. : ..................................

Name : ..........................................

**FY 08**

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2023

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**Score**

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉചിതമായ രണ്ട് ഉത്തരം വീതം തെരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.** **(4×2=8)**

1. 'ജൊനാഥൻ' എന്ന സങ്കല്പത്തിന് യോജിക്കുന്ന രണ്ട് ആശയങ്ങൾ എഴുതുക.
   - പരിമിതികളെ മറി കടക്കാനുള്ള ആഗ്രഹം.
   - സമൂഹത്തെ പരിവർത്തിപ്പിക്കണമെന്ന ചിന്ത.
   - മറ്റുള്ളവരുടെ ഇര ഭക്ഷിക്കുവാനുള്ള ആഗ്രഹം.
   - ഉയരങ്ങൾ കീഴടക്കണമെന്ന ആഗ്രഹമില്ല.

Score

**2.** 'സൈക്കിൾ മോഷ്ടാക്കൾ' എന്ന ചലച്ചിത്രത്തിൽ പ്രത്യക്ഷമാകുന്ന രണ്ട് സാമൂഹിക പ്രശ്നങ്ങൾ എടുത്തെഴുതുക.

- കമ്പോളവല്ക്കരണം
- വൈദ്യുതവല്ക്കരണം
- തൊഴിലില്ലായ്മ
- ദാരിദ്ര്യം

**3.** 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തിന് ചേരുന്ന രണ്ട് സവിശേഷതകൾ കണ്ടെത്തുക.

- നിഷ്കളങ്കമായ കാടിന്റെ ഹൃദയത്തിലേക്കുള്ള വഴി.
- നാഗരിക ജീവിതത്തിന്റെ ആവിഷ്കരണം.
- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചുള്ള അന്വേഷണം.
- മനുഷ്യന്റെ ആവശ്യങ്ങൾക്ക് വേണ്ടി ചൂഷണം ചെയ്യാനുള്ളതാണ് പ്രകൃതി.

**4.** 'കേൾക്കുന്നുണ്ടോ' എന്ന ഹ്രസ്വചിത്രം കൈകാര്യം ചെയ്യുന്ന രണ്ട് പ്രമേയ സവിശേഷതകൾ ഏതെല്ലാം ?

- ബാല്യത്തിന്റെ നിഷ്കളങ്കത
- പ്രളയത്തിന്റെ രൂക്ഷത
- വികസനത്തിന്റെ മുന്നേറ്റം
- കൃഷിയുടെ പ്രാധാന്യം

**5.** 'എത്ര ദുർബലയാണ് താൻ, എത്ര ഹീനയാണ് ' – തങ്കം നായരുടെ ഈ ആത്മഗതത്തോട് യോജിക്കുന്ന രണ്ട് ആശയങ്ങൾ എഴുതുക.

- ഒന്നും ആലോചിക്കുകയോ തീരുമാനിക്കുകയോ ചെയ്യാതെ അപകടത്തിൽ ചാടുക.
- ചരിത്രം ഇളകിമറിയുമ്പോൾ ഒന്നിലും ഇടപെടാതെ അവനവനിലേയ്ക്ക് ഒതുങ്ങുക.
- സഹായം ആവശ്യമുള്ളപ്പോൾ അത് നൽകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുക.
- സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാതിരിക്കാൻ വേണ്ടി തന്റെ കുട്ടികളെ മാറ്റി നിർത്തുക.

Score

**6 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക. സ്കോർ 2 വീതം.** **(3×2=6)**

6. ബഷീറിന്റെ സുഹൃത്തുക്കൾ തമാശകൾ പറയാൻ നിർബന്ധിക്കുമ്പോൾ കഥാകാരൻ അനുഭവിക്കുന്ന മാനസികാവസ്ഥ എന്താണ് ?

7. 'കൈപ്പാട് ' നിലങ്ങളുടെ രണ്ട് പ്രത്യേകതകൾ വിവരിക്കുക.

8. 'ഓർമ്മയുടെ സമ്പന്നമായ ഒരു ഭൂതകാലം വൃദ്ധയ്ക്കുണ്ട്' – തന്റെ കഥകളെക്കുറിച്ചുള്ള വൃദ്ധയുടെ ഏതെങ്കിലും ഒരു ഓർമ്മ എഴുതുക.

9. 'മത്സ്യം' എന്ന കവിതയിൽ നിന്ന് സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രണ്ട് സൂചകങ്ങൾ കണ്ടെത്തി എഴുതുക.

**10 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക. സ്കോർ 4 വീതം.** **(5×4=20)**

10. 'അരുളുള്ളവനാണ് ജീവി' എന്ന് നാരായണ ഗുരു പറയുന്നതിന്റെ പൊരുളെന്ത് ? വിവരിക്കുക.

11. തനി നാടോടി പ്രയോഗങ്ങളുടെ ഒരു പ്രണയഗീതമാണ് 'കായലരികത്ത് ' എന്ന ചലച്ചിത്രഗാനം. പ്രയോഗങ്ങൾ കണ്ടെത്തി വിവരിക്കുക.

12. കവിതയുടെ സ്വഭാവം അവ്യവസ്ഥിതത്വമാണെന്നാണ് എം. എൻ. വിജയൻ നിരീക്ഷിക്കുന്നത്. ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.

Score

13. 'സന്ദർശനം' എന്ന കവിതയിലെ 'മൗനം കുടിക്കുക, ഏകാന്തരോദനം പിടയുക, മിഴികളിൽ നഷ്ടപ്പെടുക' എന്നീ പ്രയോഗങ്ങൾ പ്രണയത്തിന്റെ വർത്തമാന കാലാവസ്ഥയെ പ്രതിഫലിപ്പിക്കുന്നുണ്ടോ ? സ്വാഭിപ്രായം തയാറാക്കുക.

14. 'ആകാശത്തിന്റെ മടിയിൽ നിന്ന് ഞെട്ടറ്റു താഴെ വീണ സൂര്യന്റെ ഒരു കുട്ടിയെപ്പോലെ തോന്നിച്ചു' – (ലാത്തിയും വെടിയുണ്ടയും) ആരെക്കുറിച്ചാണ് ഈ പരാമർശം – സന്ദർഭം വിശദമാക്കുക.

15. ജനപ്രിയ സിനിമകളെ അവഗണിക്കുകയല്ല, അപഗ്രഥിക്കുകയാണ് വേണ്ടത് – 'സിനിമയും സമൂഹവും' എന്ന പാഠഭാഗം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

16. 'മണൽത്തരിയോളം പോന്നൊരു
മത്സ്യം
കടൽത്തിരയോട്
ഒറ്റയ്ക്ക് പൊരുതി നിന്നു' – പ്രതിരോധ സാധ്യതയുടെ ഊർജ്ജമാണോ ഈ വരികൾ നല്കുന്നത് ? കുറിപ്പ് തയാറാക്കുക.

**17 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 6 വീതം.** **(4×6=24)**

17. 'ചിരിക്കുന്നുവോ ? കൊള്ളാം, യൗവനത്തിന്റേതായ്, ക –
യ്യിരിപ്പുണ്ടിന്നും നിനക്കാ മനോഹരസ്മിതം !'
– വാർദ്ധക്യത്തിലും നിറം മങ്ങാത്ത ദാമ്പത്യത്തിന്റെ എന്തെല്ലാം മനോഹാരിതയാണ് ഇവിടെ വ്യക്തമാക്കുന്നത് ? വിശദീകരിക്കുക.

18. 'പ്രകൃതിനാശത്തിന്റെ ചിത്രങ്ങൾക്കുപകരം പ്രകൃതിയുടെ സൗന്ദര്യത്തെയാണ് ബാബു കാമ്പ്രത്തും, ഗീതുമോഹൻദാസും ആവിഷ്കരിക്കുന്നത്' – കൈപ്പാട്, കേൾക്കുന്നുണ്ടോ, എന്നീ ചിത്രങ്ങളെ ആസ്പദമാക്കി വിലയിരുത്തുക.

Score

19. 'ചിറകു നീർത്തുവാനാവാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്തരോദനം' – നായകന്റെ മാനസികാവസ്ഥയെ ആവിഷ്കരിക്കാൻ ഈ പ്രയോഗം എത്രമാത്രം സഹായകമാണ് ? വ്യക്തമാക്കുക.

20. നാം പരിചയിച്ചു പോന്ന മനുഷ്യകേന്ദ്രിതമായ പ്രപഞ്ചബോധമല്ല എൻ. എ. നസീർ 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തിലൂടെ മുന്നോട്ട് വയ്ക്കുന്നത്. പാഠഭാഗത്തെ ആസ്പദമാക്കി നിഗമനങ്ങൾ അവതരിപ്പിക്കുക.

21. സാഹിത്യകാരന്മാരേയും അവരുടെ സവിശേഷതകളെയും ചേരുംപടി ചേർക്കുക.

| | |
|---|---|
| a) ബാലചന്ദ്രൻ ചുള്ളിക്കാട് | വാതാവരൺ പരിസ്ഥിതി ചലച്ചിത്രോത്സവ പുരസ്കാരം ലഭിച്ചിട്ടുണ്ട് |
| b) എൻ. എ. നസീർ | 'റോസ് സ്കാർലെറ്റ് ' എന്ന ആദ്യ ചിത്രത്തിലൂടെ ശ്രദ്ധേയനായി മാറി |
| c) ടി. പി. രാജീവൻ | 'അഗ്നിസാക്ഷി' എന്ന നോവലിലൂടെ സാഹിത്യ ലോകത്ത് ചിരപ്രതിഷ്ഠ നേടി |
| d) ബാബു കാമ്പ്രത്ത് | 'പാലേരി മാണിക്യം ഒരു പാതിരാ കൊലപാതകത്തിന്റെ കഥ' പ്രസിദ്ധ നോവൽ |
| e) ലളിതാംബിക അന്തർജ്ജനം | വന്യജീവി ഫോട്ടോഗ്രാഫറും അറിയപ്പെടുന്ന എഴുത്തുകാരനുമാണ് |
| f) വിറ്റോറിയോ ഡിസീക്ക | 'ചിദംബര സ്മരണ' പ്രധാനപ്പെട്ട ഒരു ഓർമ്മക്കുറിപ്പാണ് |

Score

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. സ്കോർ 2 വീതം.** **(3×2=6)**

ഏതൊരു രാജ്യത്തിന്റെയും വികസനത്തിന്റെ രഹസ്യം അവിടത്തെ ജനങ്ങളുടെ ഉത്സാഹവും കർമ്മശേഷിയുമാണ്. അത്തരമൊരു രാഷ്ട്രത്തിൽ കായിക വിനോദങ്ങൾക്ക് മറ്റെന്തിനെക്കാളും പ്രാധാന്യം നൽകിയിരിക്കും. 'ആരോഗ്യമുള്ള ശരീരത്തിലേ നല്ലൊരു മനസ്സുണ്ടാകൂ' എന്നതാണ് എല്ലാവരും ചിന്തിക്കേണ്ട വസ്തുത. എല്ലാ മേഖലകളിലും പ്രത്യേകിച്ച് ആരോഗ്യപൂർണമായ ഒരു ജനതയെ വാർത്തെടുക്കുന്ന കാര്യത്തിൽ ഏഷ്യൻ രാജ്യങ്ങൾ ശ്രദ്ധ പുലർത്തുന്നുണ്ട്. അതിന്റെ തുടക്കമാണ് ആദ്യത്തെ ഏഷ്യാഡ്. 1951 മാർച്ച് 4-ാം തീയതി ഡൽഹിയിൽ ആണ് പ്രഥമ ഏഷ്യാഡ് അരങ്ങേറിയത്. അന്നത്തെ ഇൻഡ്യൻ പ്രസിഡന്റായിരുന്ന ഡോ. രാജേന്ദ്ര പ്രസാദാണ് ആദ്യ ഏഷ്യാഡിന് തിരി കൊളുത്തിയത്. പതിനൊന്നു രാജ്യങ്ങൾ അതിൽ പങ്കെടുത്തു. ഏഷ്യയിലെ ജനങ്ങളെയെല്ലാം ഒരു കുടക്കീഴിൽ അണി നിരത്താനും, ഭാഷ, വേഷം, സംസ്കാരം എന്നിവയുടെ അതിർവരമ്പുകൾ മറികടന്ന് അവരെ ഒന്നിപ്പിക്കുന്ന ഒരു വേദിയൊരുക്കാനും ഏഷ്യൻ ഗെയിംസിനു കഴിഞ്ഞു.

**22.** പ്രഥമ ഏഷ്യാഡ് അരങ്ങേറിയത് എന്ന് ? എവിടെ ?

**23.** ഏഷ്യൻ രാജ്യങ്ങൾ എന്ത് കാര്യത്തിലാണ് ശ്രദ്ധ പുലർത്തിയത് ?

**24.** ഏതൊരു രാജ്യത്തിന്റേയും വികസനത്തിന്റെ രഹസ്യം എന്താണ് ?

Score

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 8 വീതം.** **(2×8=16)**

**25.** വൃദ്ധ ദമ്പതിമാരുടെ പ്രണയവും അവരുടെ ദാമ്പത്യത്തിന്റെ ഹൃദ്യമായ ആവിഷ്കാരവുമാണ് 'ഊഞ്ഞാലിൽ' എന്ന കവിത. ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**26.** ദാരിദ്ര്യത്തിനിടയിലും ജീവിതം മുന്നോട്ട് കൊണ്ട് പോകുവാനുള്ള ഒരു പ്രത്യാശയാണ് 'സൈക്കിൾ മോഷ്ടാക്കൾ' എന്ന ചലച്ചിത്രത്തിന്റെ കേന്ദ്രപ്രമേയം – ഈ അഭിപ്രായത്തോട് നിങ്ങൾക്കുള്ള പ്രതികരണം ഉപന്യാസ രൂപത്തിൽ തയാറാക്കുക.

**27.** 'ഓർമ്മയുടെ ഞരമ്പ് ' എന്ന കഥയിലെ, വൃദ്ധ, പത്മാക്ഷി, പെൺകുട്ടി, എന്നീ കഥാപാത്രങ്ങൾ സ്ത്രീജീവിതത്തിന്റെ വ്യത്യസ്ത ഭാവങ്ങളെ പ്രതിനിധീകരിക്കുന്നു. ഈ പ്രസ്താവനയെ പരിശോധിച്ച് നിരൂപണ കുറിപ്പ് തയാറാക്കുക.

---